(ഡി) 1. പുതുപള്ളിപ്പുറം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് - നഷ്ടം കണക്കാക്കിയിട്ടില്ല.

2. അട്ടപ്പാടി ഫാർമേഴ്സ് ബാങ്ക് - നഷ്ടം കണക്കാക്കിവരുന്നു.

3. നടുവണ്ണൂർ സർവ്വീസ് സഹകരണ ബാങ്ക് - അറ്റ നഷ്ടം 36.10 ലക്ഷം.

4. ആയഞ്ചേരി സർവ്വീസ് സഹകരണ ബാങ്ക് - അറ്റ നഷ്ടം 45.66 ലക്ഷം.

5. മുപ്പൈനാട് സർവ്വീസ് സഹകരണ ബാങ്ക് - അറ്റ നഷ്ടം 55.65 ലക്ഷം.

സഹകരണ മേഖലയിൽ കൺസ്യൂമർ സ്റ്റോറുകൾ

152 [3042] ശ്രീ. തോമസ് ഉണ്ണിയാടൻ :
,, ജോസഫ് എം. പുതുശ്ശേരി:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി :
ശ്രീ. സ്റ്റീഫൻ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ മേഖലയിൽ കൂടുതൽ കൺസ്യൂമർ സ്റ്റോറുകൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ബി) ആഗോളവത്കരണാനന്തര കാലത്തെ വാണിജ്യ മാത്സര്യത്തിൽ പിടിച്ചു നില്ക്കാൻ ഉതകുന്ന വിധം സഹകരണ സ്ഥാപനങ്ങളെ പ്രാപ്തവത്ക്കരിക്കുവാൻ ഒരു പദ്ധതി ആവിഷ്കരിക്കുമോ?

ഉത്തരം

(എ) പുതിയ കൺസ്യൂമർ സ്റ്റോറുകൾ ആരംഭിക്കുവാൻ അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് അവ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(ബി) വാണിജ്യമത്സരത്തിൽ പിടിച്ചു നിൽക്കുവാൻ ഉതകുന്ന വിധം സഹകരണ സ്റ്റോറുകളെ പ്രാപ്തവല്കരിക്കുന്നതിലേക്ക് സാമ്പത്തിക സഹായം നല്കി വരുന്നുണ്ട്.

നീതി സ്റ്റോറുകളുടെ പ്രവർത്തനം

153 [3043] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീതിസ്റ്റോറുകളുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിന് നടപടി കൈക്കൊള്ളുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സഹകരണ സംഘങ്ങൾ നടത്തുന്ന എത്ര നീതി സ്റ്റോറുകളാണ് ലാഭകരമായി പ്രവർത്തിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നടപടി കൈക്കൊണ്ടിട്ടുണ്ട്.

(ബി) 374 എണ്ണം.

കോ-ഓപ്പറേറ്റീവ് എക്സാമിനേഷൻ ബോർഡിന്റെ പരീക്ഷാനടത്തിപ്പിലെ ക്രമക്കേടുകൾ

154 [3044] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോ-ഓപ്പറേറ്റീവ് എക്സാമിനേഷൻ ബോർഡിന്റെ പരീക്ഷാ നടത്തിപ്പിൽ ക്രമക്കേടുകൾ നടക്കുന്നതായി ആരോപിച്ചുകൊണ്ട് ലഭിച്ച പരാതികളെക്കുറിച്ചുള്ള അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) അന്വേഷണ ഫലം വിശദമാക്കാമോ; ക്രമക്കേടുകൾ നടത്തിയ ആർക്കെല്ലാം എതിരെ എന്ത് നടപടി സ്വീകരിക്കുകയുണ്ടായി; ഏതെല്ലാം സഹകരണ സംഘങ്ങളിലേക്കുള്ള പരീക്ഷാ നടത്തിപ്പിനെക്കുറിച്ചായിരുന്നു പരാതികൾ ഉണ്ടായിരുന്നത്;

(സി) എക്സാമിനേഷൻ ബോർഡ് അംഗത്തിൽ നിന്ന് തന്നെ എന്തെങ്കിലും പരാതി ലഭിക്കുകയുണ്ടായോ; പരാതിയുടെ ഒരു പകർപ്പ് ലഭ്യമാക്കാമോ; പരാതിയെക്കുറിച്ച് അന്വേഷണം നടത്തിയത് ആരാണ്; അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിക്കുകയുണ്ടായി;

(ഡി) എക്സാമിനേഷൻ ബോർഡ് അംഗത്തിന്റെ പരാതിയിൽ ഉന്നയിക്കപ്പെട്ട ഏതെല്ലാം വിഷയങ്ങളിലാണ് ബോർഡ് കുറ്റമറ്റ നില കൈവരിക്കാനായി നടപടികൾ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അന്വേഷണം പൂർത്തിയായിവരുന്നു.

(ബി) സഹകരണ വകുപ്പു മുഖേന അന്വേഷണം പൂർത്തിയാക്കിയ പരാതികളിലെ ആരോപണങ്ങളൊന്നും തെളിയിക്കപ്പെട്ടിരുന്നില്ല. ആയതിനാൽ നടപടി സ്വീകരിക്കേണ്ടതായി വന്നിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly